# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3079 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ക്ഷേമ പെൻഷൻ നൽകുന്നതിന് അടിയന്തിര നടപടി** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | പത്തനംതിട്ട ജില്ലയിൽ അടൂർ മുനിസിപ്പാലിറ്റിയിൽ താമസിക്കുന്ന അവിവാഹിതരും നിരാലംബരുമായ റ്റി.വി.രത്നമ്മ, റ്റി.വി.സുമതി എന്നിവർക്ക് ലഭിച്ചുകൊണ്ടിരുന്ന ക്ഷേമ പെൻഷൻ 2016 മുതൽ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | അവശനിലയിലായിരിക്കുന്ന ഈ സഹോദരിമാർക്ക് ക്ഷേമ പെൻഷൻ കൃത്യമായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീമതി.റ്റി.വി.രത്നമ്മ, ശ്രീമതി.റ്റി.വി.സുമതി എന്നിവർക്ക് പോസ്റ്റോഫീസ് അക്കൗണ്ട് വഴിയാണ് പെൻഷൻ ലഭിച്ചിരുന്നത്. 2015 സെപ്റ്റംബർ മാസം മുതൽ തപാൽ അധികൃതർ പോസ്റ്റോഫീസ് അക്കൗണ്ട് വഴിയുള്ള പെൻഷൻ വിതരണം നിർത്തി വച്ചിട്ടുള്ളതാണ്. അതുകൊണ്ട് 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള 4 മാസത്തെ പെൻഷൻ തുക ചെക്കായി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യുകയും പോസ്റ്റോഫീസ് അക്കൗണ്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ട് അല്ലെങ്കിൽ മണിഓർഡർ സൗകര്യം തിരഞ്ഞെടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീമതി.റ്റി.വി.സുമതിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ 2016 ജൂണിലെ പെൻഷൻ അയയ്ക്കുന്നതിന് മുമ്പ് ലഭിച്ചതിനാൽ 2016 ജൂൺ മുതലുള്ള തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ച് നൽകുന്നുണ്ട്. ശ്രീമതി.റ്റി.വി.രത്നമ്മയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭിച്ചത് 2016 ജൂണിലെ പെൻഷൻ വിതരണത്തിന് ശേഷമായതിനാൽ പിന്നീട് പെൻഷൻ അയച്ച 2016 സെപ്റ്റംബറിൽ ജൂലൈ മുതലുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പെൻഷൻ ഗുണഭോക്താക്കൾ സമർപ്പിക്കേണ്ടിയിരുന്ന സത്യവാങ്മൂലം യഥാസമയം അടൂർ നഗരസഭയിൽ നിന്നും രേഖപ്പെടുത്തി ലഭിക്കാത്തതിനാൽ 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള 6 മാസത്തെ പെൻഷൻ തുക അയയ്ക്കുവാൻ സാധിച്ചിരുന്നില്ല. സത്യവാങ്മൂലം ലഭിച്ചതിന് ശേഷം 2017 ഏപ്രിൽ മാസത്തെ പെൻഷൻ തുക നൽകിയിട്ടുണ്ട്. |
| (സി) | ഇവരുടെ ക്ഷേമ പെൻഷൻ, കുടിശ്ശിക ഉൾപ്പെടെ അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 2017 മെയ് മുതൽ ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ തുകയായ 4400/- രൂപയും കുടിശ്ശികയും ചേർത്ത് 10400/- രൂപ ശ്രീമതി.റ്റി.വി.രത്നമ്മ, ശ്രീമതി.റ്റി.വി.സുമതി എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ